പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 928. 30.06.2015 ന് മറുപടിയ്ക്ക്.

*കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് പുതിയ ഐ.ടി.ഐ.*

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | (എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും ടിയാൻ ആയതിന്മേൽ റിപ്പോർട്ട് ട്രെയിനിംഗ് ഡയറക്ടർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഴക്കാട് പഞ്ചായത്തിൽ ബ്ലോക്ക് 19 റീ സർവ്വെ 230/12-ൽ പെട്ട 0.8010 ഹെക്ടർ സ്ഥലം ലഭ്യമാക്കാമെന്ന് പഞ്ചായത്ത് തീരുമാനമെടുത്ത് വ്യാവസായിക പരിശീലന വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഡി/സിവിൽ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് താൽപ്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>എന്നാൽ ഈ സാമ്പത്തിക വർഷം കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വാഴക്കാട് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| (ബി) ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് 1684/സി.3/14 എന്ന നമ്പർ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വെന്ന് വിശദമാക്കുമോ ? | (ബി) ഇക്കാര്യത്തിൽ ട്രെയിനിംഗ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുകയും കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്ന തിനായി ബഡ്ജറ്റിൽ തുക വകയിരുത്തി യിട്ടില്ലാത്തതിനാൽ തൽക്കാലം ഐ.ടി.ഐ. അനു വദിക്കുവാൻ കഴിയുകയില്ലാ എന്ന വിവരം 1684/സി3/14/തൊഴിൽ തീയതി 28.05.2015 -ലെ കത്ത് പ്രകാരം ബഹു. എം.എൽ.എ, ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ